151 (1755) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്ലാസ്മ കിട്ടാനില്ലാത്ത അവസ്ഥ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്ലാസ്മ കിട്ടാനില്ലാത്തതുമൂലം പല ആളുകളും മരണപ്പെട്ടു എന്ന വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാളുകളാണ് ഇതുമൂലം മരിച്ചതെന്ന് അറിയിക്കുമോ;

(സി) എന്തുകൊണ്ടാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്ലാസ്മയ്ക്ക് ഇത്രത്തോളം ക്ഷാമമെന്ന് വ്യക്തമാക്കുമോ;

(ഡി) രക്തഘടകങ്ങൾ വേർതിരിക്കുന്നതിനായുള്ള യന്ത്രം ഇപ്പോൾ പ്രവർത്തനക്ഷമമാണോ;

(ഇ) അല്ലെങ്കിൽ പ്രസ്തുതയന്ത്രം പ്രവർത്തനക്ഷമമാക്കുന്നതിന് എന്തു തുക ചെലവുവരും എന്നറിയിക്കുമോ;

(എഫ്) അടിയന്തിരമായി പ്രസ്തുത യന്ത്രം പ്രവർത്തനക്ഷമം ആക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ)&(ബി)തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബ്ലഡ് ബാങ്കിൽ രക്തഘടകങ്ങൾ വേർതിരിക്കുന്ന രണ്ട് യന്ത്രങ്ങളും ഒരു മാസത്തോളം തകരാറിയാലതിനാൽ പ്ലാസ്മ വേർതിരിക്കുവൻ സാധിച്ചില്ല. എന്നാൽ ഇതുമൂലം രോഗികൾ മരണമടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്ലാസ്മ വേർതിരിച്ചെടുക്കുന്നതിനുള്ള യന്ത്രം തകരാറിലായതാണ് ക്ഷാമത്തിനു കാരണം.

(ഡി) രണ്ട് യന്ത്രങ്ങൾ ഉള്ളതിൽ ഒരെണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(ഇ) കേടായ രണ്ടാമത്തെ യന്ത്രം ശരിയാക്കുന്നതിനുള്ള യന്ത്രഭാഗങ്ങൾ വാങ്ങുന്നതിന് ഏകദേശം 3800 ഡ്ച്ച് മാർക്ക് (ഏകദേശം 86260 രൂപ വേണ്ടി വരും)

(എഫ്)ഇതിനായി ബന്ധപ്പെട്ട കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

152 (1756) ആരോഗ്യവകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിലും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലും 31.10.99-ലെ കണക്കനുസരിച്ച് എത്ര ഫയലുകൾ തീർപ്പാകാതെ കിടപ്പുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്;

(സി) ഇത്തരം ഫയലുകളിൽ പ്ലാൻസ്കീം, സമയബന്ധിതമായി തീർപ്പാക്കണമെന്ന് നിർദ്ദേശിച്ച് ഹൈക്കോടതിവിധി വന്ന കേസ്സുകൾ എന്നിവ എത്ര വീതമുണ്ട്;

(ഡി) നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിലുള്ള പരിശോധനകൾ നടത്തി ഈ ഫയലുകളിൽ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 21850 ഫയലുകളും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ 1518 ഫയലുകളും തീർപ്പുകൽപ്പിക്കാനുണ്ട്. ഈ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്.

(സി)&(ഡി) കോടതി അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അത്തരം കേസ്സുകളിൽ തീർപ്പ് കൽപ്പിക്കാറുണ്ട്. പ്ലാൻ സ്കീം ഫയലുകളും സമയബന്ധിതമായി തീർപ്പാക്കാറുണ്ട്.

153 (1757). ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥ

ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-മാണ്ട് മാർച്ച് മാസം മുതൽ കുഷ്ഠരോഗനിവാരണ പദ്ധതി അവസാനിപ്പിച്ച് ദേശീയ ഫണ്ട് വിനിയോഗം നിർത്തിവയ്ക്കുവാൻ ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർദ്ദേശം നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) പദ്ധതി അവസാനിപ്പിക്കുമ്പോൾ ലെപ്രസി ഇൻസ്പെക്ടർമാരുടെ സേവനം സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(ഡി) തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ സ്വീകരിച്ചപോലെ ഫംഗ്ഷണൽ ഇന്റഗ്രേഷൻ നടത്തി ഇവരെ ജനറൽ ഹെൽത്ത് വകുപ്പിൽ ലയിപ്പിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംബന്ധിച്ച്, ഹെൽത്ത് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ (പബ്ലിക് ഹെൽത്ത്)-ന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(സി) ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനു വേണ്ടി കേരള സർക്കാർ ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly